തൃക്കരിപ്പൂർ വൺമാൻ ട്രഷറി സബ് ട്രഷറിയായി ഉയർത്താൻ നടപടി

188 (254) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തൃക്കരിപ്പൂർ പഞ്ചായത്തിൽ അനുവദിച്ച വൺമാൻ ട്രഷറി സബ് ട്രഷറിയായി ഉയർത്തുന്നതിന് വകുപ്പ് അധികൃതരുടെ ശുപാർശ ഉണ്ടായിട്ടും പ്രഖ്യാപനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

ഏകാംഗ ട്രഷറികൾ സബ് ട്രഷറികളായി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല.

ലോട്ടറി ഓർഡിനൻസ്

189 (255) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാന വ്യാജ ലോട്ടറിക്ക് സംസ്ഥാനത്തിനകത്ത് നിയന്ത്രണമേർപ്പെടുത്തുവാൻ ഇതുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം അപര്യാപ്തമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണോ ഓർഡിനൻസ് കൊണ്ടുവന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ലോട്ടറി വിൽപ്പനയിലെ നികുതി വെട്ടിപ്പ് സംബന്ധിച്ച് പ്രതിപക്ഷം ആരോപണം ഉന്നയിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നികുതി കുടിശ്ശിക പിരിച്ചെടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നം നേരിടാൻ ഈ സർക്കാർ അധികാരമേറ്റ് നാലര വർഷത്തിനുശേഷം മാത്രം ഒരു ഓർഡിനൻസ് കൊണ്ടുവന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഇ) ഇതു സംബന്ധിച്ച് ഭരണവകുപ്പ് തയ്യാറാക്കിയ കരട് ഓർഡിനൻസിലും അനുബന്ധ ചട്ടങ്ങളിലും മുഖ്യമന്ത്രി എന്തെങ്കിലും മാറ്റം നിർദ്ദേശിക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) പേപ്പർ ലോട്ടറിയിന്മേലുള്ള നികുതി നിരക്ക് ഉയർത്തുവാനും 2010-ലെ കേന്ദ്ര ലോട്ടറി നിയന്ത്രണ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ കൂടി പ്രമോട്ടർ മുൻകൂർ നികുതി അടയ്ക്കുന്ന വേളയിൽ നൽകുന്നുവെന്ന് ഉറപ്പുവരുത്തുവാനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രനിയമത്തിനും ചട്ടത്തിനുമനുസൃതമായി നടത്തപ്പെടുന്ന ലോട്ടറി മാത്രമേ സംസ്ഥാനത്തിനകത്ത് വിറ്റഴിക്കപ്പെടുന്നുള്ളു എന്ന് ഉറപ്പു വരുത്താനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കേരള പേപ്പർ ലോട്ടറീസ് നിയമം നടപ്പിൽ വരുന്നതിന് മുമ്പ് പൊതു വില്പന നികുതി നിയമപ്രകാരമാണ് ലോട്ടറിക്ക് നികുതി ഈടാക്കിയിരുന്നത്. ബഹു. സുപ്രീം കോടതിയുടെ സൺറൈസ് അസോസിയേറ്റ്സ് കേസ് 28-4-2006-ൽ പ്രസ്താവിച്ച വിധിയിൽ ലോട്ടറി ഗുഡ്സ് അല്ലാ എന്നും അതിന്മേൽ വില്പന നികുതി ചുമത്തുവാൻ സാധ്യമല്ല എന്നും വിധിക്കുക യുണ്ടായി. സൺറൈസ് അസോസിയേറ്റ്സ് കേസിലെ വിധി വന്നതിനുശേഷം പ്രസ്തുത തീയതി വരെയുള്ള നികുതി പിരിച്ചെടുക്കുന്നതിലേക്കായി എല്ലാ ലോട്ടറി അസസ്സ്മെന്റുകളും ധൃതഗതിയിൽ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം പൂർത്തിയായ അസസ്സ്മെന്റുകൾ ഉൾപ്പെടെ ലോട്ടറി നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടായിരുന്ന കുടിശ്ശിക 9287.41 കോടിരൂപയായിരുന്നു. എന്നാൽ സുഗൽ&ദാമിനി കേസിലെ 27-7-2006-ലെ വിധി പ്രകാരം സൺറൈസ് അസോസിയേറ്റ്സ് വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പിരിച്ചെടുത്ത നികുതി റീഫണ്ട് ചെയ്യേണ്ടതില്ല എന്നും എന്നാൽ സൺറൈസ് കേസിലെ വിധി തീയതി മുതൽ നികുതി പിരിക്കുവാൻ സാധ്യമല്ല എന്നും പ്രസ്താവിച്ചു. അതിനാൽ നിലവിൽ കേരള പൊതു വില്പന നികുതി നിയമപ്രകാരമുള്ള ലോട്ടറിയിന്മേലുള്ള കുടിശ്ശിക ഒന്നും തന്നെ നിലവിലില്ല.

(ഡി) ലോട്ടറി റെഗുലേഷൻ റൂൾസ് 1-4-2010 മുതലാണ് വിജ്ഞാപനം ചെയ്ത് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയത്. അതിനനുസൃതമായ ചില ഭേദഗതികളാണ് ഓർഡിനൻസ് പ്രകാരം കേരള പേപ്പർ ലോട്ടറീസ് നിയമത്തിൽ കൊണ്ടുവന്നത്. അത് നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഇ) ഉണ്ട്. "കേന്ദ്ര ലോട്ടറി നിയമ വ്യവസ്ഥകൾ പാലിക്കാത്ത ലോട്ടറി നടത്തിപ്പുകാരിൽ നിന്നും മുൻകൂർ നികുതി സ്വീകരിക്കുന്നതല്ല" എന്ന ഒരു വകുപ്പുകൂടി കൂട്ടിച്ചേർക്കുക എന്ന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി.

അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ

190 (256) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തിയിരുന്ന അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ റിസർവ് ബാങ്കിന്റെ അനുമതിയില്ലാത്ത ശിവകാശിയിലെ മഹാലക്ഷ്മി പ്രിന്റേഴ്സിലാണ് അച്ചടിക്കുന്നത് എന്ന വസ്തുത കണ്ടെത്തി യിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly